# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1503

14.06.2013-ൽ മറുപടിക്ക്

### കുടപ്പുഴ അഗ്രോ റിസർച്ച് സ്റ്റേഷന് വാട്ടർ ടെക്നോളജി സെന്റർ

**ചോദ്യം**

ശ്രീ. ബി.ഡി. ദേവസ്സി

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

സംസ്ഥാനത്ത് വാട്ടർ ടെക്നോളജി രംഗത്ത് ഗവേഷണം നടത്തുന്ന ഏക സ്ഥാപനമായ ചാലക്കുടിയിലെ കുടപ്പുഴ അഗ്രോ റിസർച്ച് സ്റ്റേഷന് വാട്ടർ ടെക്നോളജി സെന്റർ സ്ഥാപിക്കുന്നതിനും ഗവേഷണത്തിനുമായി മുൻ ബജറ്റിൽ പ്രഖ്യാപിച്ച മുഴുവൻ തുകയും അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

കേരള സർക്കാരിന്റെ 2012 - 13 -ലെ പ്ലാൻ പ്രൊപ്പോസലിൽ ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷനിൽ വാട്ടർ ടെക്നോളജി സെന്റർ സ്ഥാപിക്കാൻ 75 ലക്ഷം രൂപയും ജലപരിപാലനത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ പ്രസ്തുത കേന്ദ്രങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഗവേഷണത്തിന് 150 ലക്ഷം രൂപയും വക കൊള്ളിച്ചിരുന്നു. ഇതിൽ ചാലക്കുടി കുടപ്പുഴ അഗ്രോ റിസർച്ച് സ്റ്റേഷന് 50 ലക്ഷം രൂപയുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ